

**ജിഹാദിനെ യുദ്ധം, വിശുദ്ധയുദ്ധം ഭീകരപ്രവർത്തനം, ചാവേർ ആക്രമണം എന്നൊക്കെ വ്യാഖ്യാനിക്കാനുള്ള ശ്രമം ഖുർആനെക്കുറിച്ചുള്ള തികഞ്ഞ അജ്ഞത മാത്രമാണ്. 'വാർ' എന്ന ആശയമല്ല 'സ്ട്രഗ്ൾ' എന്ന ആശയമാണ് ജിഹാദ് എന്ന പദം ഉൾക്കൊള്ളുന്നത്.**

# വിശുദ്ധഖുർആൻ ആവശ്യപ്പെടുന്ന ജിഹാദ്

**ഖാലിദ് മൂസ**

ഖുർആനിലെ കേന്ദ്രാശയങ്ങളിൽ സുപ്രധാനമായതാണ് *ജിഹാദ്*. 'സമരം' എന്ന് നമുക്കതിന് മലയാളഭാഷ്യം നൽകാവുന്നതാണ്. 'വിശുദ്ധയുദ്ധം' എന്ന പ്രചരിതഭാഷ്യത്തിന് യാതൊരു സാധൂകരണവുമില്ല. 'വിശുദ്ധം' എന്ന ആശയം പ്രസ്തുത പദത്തിൽ തീരെയില്ല. പരിശ്രമം, ക്ലേശം, ബുദ്ധിമുട്ട് എന്നൊക്കെയാണ് *ജിഹാദ്* എന്ന പദം നൽകുന്ന ഭാഷാസന്ദേശങ്ങൾ. *ജുഹ്ദ്, ഇജ്തിഹാദ്, ജിഹാദ്* എന്നീ പദങ്ങൾ പരസ്പരം ബന്ധപ്പെട്ടവയാണ്. അങ്ങേയറ്റം ത്യാഗപരിശ്രമങ്ങൾ സമർപ്പിച്ചുകൊണ്ട് ലക്ഷ്യംനേടാൻ വേണ്ടി മുന്നേറുക എന്നുള്ളതാണ് മൂന്നു പദങ്ങളുടെയും പൊതുവായ ആശയം. ഏതു കാര്യസാധ്യത്തിനുവേണ്ടിയുള്ള അധ്വാനപരിശ്രമങ്ങളെയും *ജുഹ്ദ്* എന്നു പറയാവുന്നതാണ്. ഇസ്‌ലാമികാദർശത്തിന്റെ വിജയത്തിനുവേണ്ടി നാനാവിധേന നടത്തുന്ന അധ്വാനപരിശ്രമങ്ങളെയാണ് *ജിഹാദ്* എന്ന പദം കുറിക്കുന്നത്. അത് വൈജ്ഞാനികമേഖലയിലുള്ള പരിശ്രമമാകുമ്പോൾ *ഇജ്തിഹാദ്* എന്നും പറയുന്നു. ആത്മനിയന്ത്രണപരമായ പരിശ്രമങ്ങളെ *മുജാഹദഃ* എന്നു പറയുന്നു. ജനസേവനം, സമൂഹസംസ്കരണം, തിന്മകളോടും പ്രതിലോമശക്തികളോടുമുള്ള എതിർപ്പ് തുടങ്ങിയ പരിശ്രമങ്ങൾ കൂടി ഉൾപ്പെടുമ്പോൾ അത് *ജിഹാദ്* ആകുന്നു. യുദ്ധം എന്ന ആശയത്തെമാത്രം കുറിക്കാൻ അറബിഭാഷയിൽ ഉപയോഗിക്കുന്ന പദങ്ങൾ *ഹർബ്, ഖിതാൽ* എന്നിവയാണ്.

ഖുർആന് ശക്തമായ സമരസന്ദേശമുണ്ട്. ഖുർആൻ മുന്നോട്ടുവയ്ക്കുന്ന സമരസന്ദേശത്തിന്റെ പ്രയോഗവത്കരണമാണ് ജിഹാദ്.

മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധി എന്ന നിലയ്ക്ക് ജീവിതം ആരംഭിച്ച നാളുകളിൽ തുടക്കംകുറിച്ച സമരമാണ് ജിഹാദ്. ആദ്യസമരം ആദമും ഇബ്‌ലീസും തമ്മിലായിരുന്നു. അഥവാ, തീയും മണ്ണും തമ്മിൽ. ധിക്കാരമായിരുന്നു ഇബ്‌ലീസിന്റെ ഭാവം. അറിവിന്റെ വിവേകം കൈമുതലാക്കിയാണ് ആദം സമരം തുടങ്ങിയത്; അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ. അറിവായിരുന്നു ഖലീഫയുടെ ആയുധം. വിവേകം അടയാളവും. അറിവിനെ ആയുധമാക്കി ധിക്കാരത്തോട് പൊരുതിക്കൊണ്ടുള്ളതാണ് ജിഹാദിന്റെ ആരംഭം. അറിവിന്റെ വിവേകത്തേക്കാൾ അജ്ഞാനത്തിന്റെ ഹുങ്കിനാണ് ഇബ്‌ലീസ് പ്രാധാന്യം നൽകിയത്. 'തീയാൽ സൃഷ്ടിക്കപ്പെട്ട ഞാൻ മണ്ണാൽ സൃഷ്ടിക്കപ്പെട്ട ആദമിനേക്കാൾ ഉത്തമനാണ്' എന്നു പറയാൻ ഇബ്‌ലീസിനെ പ്രേരിപ്പിച്ചത് തന്റെ ഉൽപത്തി(Origin)യെക്കുറിച്ച ഭൗതിക(ജാഹിലീ)കാഴ്ചപ്പാടാണ്. എല്ലാ ജാതി-വംശ-വർഗവിചാരങ്ങളുടെയും ആരംഭം പ്രസ്തുത ഇബ്‌ലീസീ സിദ്ധാന്തമാണ്. ആ സിദ്ധാന്തത്തിന്റെ നിരാകരണമാണ് ഈമാൻ -സത്യവിശ്വാസം. തെറ്റുകൾ ഏറ്റുപറഞ്ഞും വിനയപൂർവമായ ഇടപെടലിലൂടെയും ദൈവത്തിന്റെ ഖലീഫ എന്ന മനുഷ്യന്റെ അസ്തിത്വസാരം സാക്ഷാത്കരിക്കാനുള്ള സമരമായാണ് മുഅ്മിന്റെ -സത്യവിശ്വാസിയുടെ ജിഹാദിനെ ഖുർആൻ ചിത്രീകരിച്ചിരിക്കുന്നത്.

മനുഷ്യരക്തത്തിന്റെ വില ലോകത്തെ അറിയിക്കാനായി ആദമിന്റെ ആദ്യമകൻ രക്തസാക്ഷിയായി. ഒരു തുള്ളി രക്തവും ചിന്താതെയുള്ള ജിഹാദിന്റെ ഒടുവിലാണ് ഹാബീൽ ശഹീദായത്. 'നീ എനിക്കെതിരെ കൈ നീട്ടിയാലും ഞാൻ നിനക്കുനേരെ കൈ നീട്ടുകയില്ല. കാരണം, ഞാൻ ലോകനാഥനായ അല്ലാഹുവിനെ ഭയപ്പെടുന്നു' (അൽമാഇദ: 28) എന്നായിരുന്നു ആ ജിഹാദിന്റെ മധ്യത്തിൽ ഹാബീലിന്റെ സുദൃഢമായ നിലപാട്. സ്വന്തം സഹോദരന്റെ രക്തം ചിന്തിയ

ഖാബീൽ തന്നോടുതന്നെയുള്ള ജിഹാദിൽ -മുജാഹദയിൽ പരാജയപ്പെടുകയായിരുന്നു.

ഭൂമിയിൽ ആദ്യമായി രക്തം ചിന്തിയത് ഭൗതികമോഹമാണെന്ന് വ്യക്തം. സുന്ദരിയായ ഒരു പെണ്ണിനെ കൊതിച്ചാണ് എന്നും, അതല്ല പിന്തുടർച്ചാധികാരം കൈക്കലാക്കാനാണെന്നും രണ്ടഭിപ്രായമുണ്ട്; ഒരുപക്ഷേ, രണ്ടുമാവാം. ഭൂമിയിൽ ആദ്യത്തെ രക്തസാക്ഷിത്വം ഈ രക്തംചിന്തലിനെതിരിലായിരുന്നു. ഒരു തുള്ളി രക്തവും ചിന്താതെയാണ് *തഖ്‌വ* ആയുധമാക്കി ഹാബീൽ ശഹീദായത്. തന്നോടുതന്നെയുള്ള ജിഹാദി-മുജാഹദഃ-ൽ ആദ്യമേ അദ്ദേഹം ജയിച്ചിരുന്നു. ആ വിജയമാണ് രണ്ടാമത്തെ ജിഹാദിൽ അദ്ദേഹത്തെ നിരായുധനാകാനും രക്തസാക്ഷിയാകാനും പ്രേരിപ്പിച്ചത്. ആദ്യത്തെ ജിഹാദിൽ തോറ്റ ശേഷം രണ്ടാമത്തെ ജിഹാദിൽ വിജയിച്ചാലും അതൊരു മഹാപരാജയമാകുമായിരുന്നു -ഖാബീലിന് സംഭവിച്ചതുപോലെ. ഹാബീലിന്റെ ഈ ജിഹാദിനെ പശ്ചാത്തലമാക്കിയാണ് ഖുർആൻ ഇപ്രകാരം പ്രഖ്യാപിക്കുന്നത്: "ഒരാത്മാവിനു പകരമായോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചതുപോലെയാകുന്നു. ഒരുവൻ ആർക്കെങ്കിലും ജീവിതം നൽകിയാൽ അവൻ മുഴുവൻ മനുഷ്യർക്കും ജീവിതം നൽകിയതുപോലെയും" (അൽമാഇദ: 32). ജിഹാദിന്റെ മുഖ്യഉന്നം ജീവിതത്തിന്റെയും ജീവന്റെയും നിലനിൽപും, നാശവും കുഴപ്പവും പ്രതിരോധിക്കലുമാണെന്ന് ഖുർആന്റെ ഈ പ്രഖ്യാപനം വ്യക്തമാക്കുന്നു.

എല്ലാ പ്രവാചകന്മാരും പോരാളികൾ അഥവാ മുജാഹിദുകൾ ആയിരുന്നു. ഭൂരിപക്ഷം പേരുടെയും സമരം ആദർശാധിഷ്ഠിതസഹനസമരമായിരുന്നു. രക്തരൂഷിതസമരങ്ങൾ പ്രതിയോഗികൾ അവരുടെ മേൽ അടിച്ചേൽപിക്കുകയായിരുന്നു. അഞ്ചു പ്രവാചകന്മാർക്ക് ഖുർആനിൽ ഉന്നതസ്ഥാനം നൽകപ്പെട്ടിട്ടുണ്ട്. *ഉലുൽഅസ്മ്* അഥവാ 'നിശ്ചയദാർഢ്യമുള്ളവർ' എന്നാണവർ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. അവരിൽ നാലുപേരും യുദ്ധം ചെയ്യാത്ത പ്രവാചകന്മാരാണ്. ഒരാൾ രൂക്ഷമായ യുദ്ധങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. പക്ഷേ, എല്ലാവരും മുജാഹിദുകൾ അഥവാ പോരാളികൾ തന്നെയാണ്.

നൂഹ് നബിയുടെ ആദർശസമരത്തിന് 950 വർഷത്തെ പ്രായമുണ്ട്. ശക്തമായ ജാതിവേർതിരിവുകളും മേലാളമേധാവിത്വവും നിലനിന്ന നാട്ടിലാണ് ഒരു തുള്ളി രക്തവും ചിന്താതെ സുദീർഘമായ ആദർശസമരത്തിന് നൂഹ് നബി നേതൃത്വം നൽകിയത്. പൗരോഹിത്യത്തിനും രാജാധിപത്യത്തിനുമെതിരായ ഇബ്‌റാഹീംനബിയുടെ പോരാട്ടം ഉജ്ജ്വലമായ സംവാദങ്ങളിലൂടെയാണ് മുന്നേറിയത്. പുരോഹിതനായ ആസറിനോടും രാജാവായ നംറൂദിനോടും ബഹുദൈവാരാധകരായ ജനങ്ങളോടും ഇബ്‌റാഹീംനബി നടത്തിയ സംവാദം ഖുർആൻ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

അധികാരം, പണം, സൈനികശക്തി എന്നിവയുടെ ബലത്തിൽ ഭീകരഭരണം നടത്തിയ ഫറോവയുടെ കാടൻവാഴ്ചയിൽനിന്ന് ഈജിപ്തിനെയും ഈജിപ്ഷ്യരെയും മോചിപ്പിക്കാനായി മൂസാ പ്രവാചകൻ നിയുക്തനായി. ഫറോവയോട് മാന്യമായ ഭാഷയിൽ സംവദിക്കാനായിരുന്നു മൂസായോടും സഹോദരൻ ഹാറൂനോടുമുള്ള അല്ലാഹുവിന്റെ നിർദേശം: "നീയും സഹോദരനും ഫറോവായുടെ അടുക്കലേക്ക് പോകുവിൻ. അവൻ ധിക്കാരിയായിരിക്കുന്നു. അവനോട് മയത്തിൽ സംസാരിക്കണം. അവൻ ഉപദേശം സ്വീകരിക്കുകയോ ഭയപ്പെടുകയോ ചെയ്തേക്കാം" (ത്വാഹാ: 43,44), "നിങ്ങൾ അവന്റെയടുക്കൽ ചെല്ലുക. ഞങ്ങൾ നിന്റെ നാഥന്റെ ദൂതന്മാരാകുന്നു എന്നു പറയുക, ഇസ്രാഈൽവംശത്തെ ഞങ്ങളുടെ കൂടെ വരാൻ അനുവദിക്കണമെന്നും അവരെ പീഡിപ്പിക്കരുതെന്നും അവനോട് ആവശ്യപ്പെടുക" (ത്വാഹാ: 47). മാന്യമായ സംവാദത്തിന്റേതും ആദർശസമീപനത്തിന്റേതുമായ ഈ സമരനിലപാട് അല്ലാഹു മൂസായെ അറിയിക്കുന്നതിനു മുമ്പ് മൂസാ സാമുദായികസംഘർഷങ്ങളിൽ ഇടപെട്ടിരുന്നു. അത്തരം ഇടപെടൽ ഭൂരിപക്ഷസമുദായത്തിലെ ഒരു പ്രമുഖന്റെ വധത്തിൽ കലാശിക്കുകയുമുണ്ടായി. മർദകനായ ഖിബ്ത്വീവംശജന്റെ വധത്തിൽ കലാശിച്ച മൂസാനബിയുടെ ഇടപെടൽ ഖുർആൻ നിശിതമായി നിരൂപണം ചെയ്തിട്ടുണ്ട്. ജിഹാദും വിമോചനസമരവും ഭീകരമോ വർഗീയമോ ആയിക്കൂടെന്ന ഖുർആന്റെ മൗലികനിലപാടിനാണ് പ്രസ്തുത നിരൂപണം അടിവരയിടുന്നത്. ഒരു ഇസ്രാഈല്യനും ഖിബ്ത്വിയും തമ്മിൽ സംഘട്ടനമുണ്ടായപ്പോൾ മൂസാ, ഇസ്രാഈല്യന്റെ ഭാഗം ചേർന്ന് ഖിബ്ത്വിയെ ഇടിക്കുകയും അതുവഴി അയാൾ മരണപ്പെടുകയും ചെയ്തു. ആ ഖിബ്ത്വിയെ വധിക്കണമെന്ന് മൂസാക്ക് ഉദ്ദേശ്യമുണ്ടായിരുന്നതായി ഖുർആൻ പറയുന്നില്ല. എന്നിട്ടും അക്രമം, പൈശാചികവൃത്തി, കുറ്റവാളിയെ സഹായിക്കൽ, പാപം, വഴികേട് എന്നീ അഞ്ചു പദങ്ങളിൽ ഖുർആൻ അതിനെ വിമർശിച്ചിട്ടുണ്ട് (അൽഖസ്വസ്, അശ്ശുഅറാഅ് എന്നീ അധ്യായങ്ങൾ കാണുക). ഭീകര-വർഗീയ-വംശീയനിലപാടുകൾ ജിഹാദല്ലെന്നുമാത്രമല്ല, അങ്ങേയറ്റം അപലപനീയമാണെന്നുകൂടിയാണ് ഈ ഖുർആനിക നിരൂപണം നൽകുന്ന പാഠം. മൂസാനബിയുടെ പ്രബോധനത്തോടുള്ള ഫറോവയുടെ എതിർപ്പുകൾ കൊടുംഭീകരതയുടെ രൂപം സ്വീകരിച്ച ചരിത്രം സുവിദിതമാണല്ലോ. എങ്കിലും ആ ഭീകരതയെ ബദൽഭീകരത കൊണ്ട് നേരിടുന്ന ശൈലി അദ്ദേഹം സ്വീകരിച്ചതേയില്ല. മർദിതരെ സംഘടിപ്പിക്കുകയും ഫറോവയുടെ അധീനഭൂമിക്ക് പുറത്തേക്ക് വിമോചനയാത്ര (ഹിജ്റ) സംഘടിപ്പിക്കുകയും അവിടെ സ്വയംഭരണം സ്ഥാപിക്കുകയും ചെയ്തു.

പൗരോഹിത്യത്തിനെതിരായ ഈസാനബിയുടെ ജിഹാദ് ആശയതീക്ഷ്ണത കൊണ്ട് മൂർച്ചയേറിയതാണ്. പക്ഷേ, അവിടെയും സായുധവും രക്തരൂഷിതവുമായ നിലപാടുകളില്ല. ഈസാനബി ജയിച്ചതായും സാധാരണക്കാരുടെ വിമോചനം സാക്ഷാത്കരിച്ചതായും ഖുർആനിൽ കാണാം. പക്ഷേ, സായുധപോരാട്ടം നടത്തിയതായി ഒരു പരാമർശം പോലുമില്ല.

ജിഹാദിന്റെ സായുധവും നിരായുധവുമായ മുഖങ്ങൾക്ക് മുഹമ്മദ് നബി പൂർണമാതൃകയാണ്. മക്കയാണ് മുഹമ്മദ് നബിയുടെ പ്രഥമ കർമമണ്ഡലം. ഗോത്രവംശീയതയുടെ ഭീകരനാളുകളിലാണ് നബി വിപ്ലവപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത്. മദ്യവും മദിരാക്ഷിയും പോലെ രക്തംചിന്തലും ഗോത്രജീവിതശീലത്തിന്റെ ഭാഗമായിരുന്നു അന്ന്. നീണ്ട പതിമൂന്നു വർഷം നബി കഠിനപീഢനങ്ങളെ നേരിട്ടുകൊണ്ട് മക്കയിൽ ആദർശാധിഷ്ഠിത സഹനസമരം നയിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതായപ്പോൾ അദ്ദേഹം ശിഷ്യന്മാരെയും കൂട്ടി മദീനയിലേക്ക് ഹിജ്റ ചെയ്യുകയായിരുന്നു. ഒരു തുള്ളി രക്തവും ചിന്താതെ മദീനാവിപ്ലവം വിജയിപ്പിച്ചു. മദീനയിലെ ജൂത-ക്രൈസ്തവ സമൂഹത്തിന്റെ മതപരവും സാംസ്കാരികവുമായ അസ്തിത്വം അംഗീകരിച്ചുകൊടുക്കുകയും സൗഹാർദ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. വിപ്ലവനായകനായിട്ടും സമഗ്രാധിപത്യസമീപനം മുഹമ്മദ് നബി ഒരിക്കലും സ്വീകരിക്കുകയുണ്ടായില്ല. മുഹമ്മദ് നബിക്ക് യുദ്ധം ചെയ്യേണ്ടി വന്നിട്ടുണ്ട്. പക്ഷേ, അതൊരിക്കലും ഭീകരപ്രവർത്തനമായിരുന്നില്ല. ഇസ്‌ലാമികസ്റ്റേറ്റിന്റെ സുരക്ഷ, മർദിത വിമോചനം, മനുഷ്യാവകാശസംരക്ഷണം എന്നിവയ്ക്കായുള്ള ധർമയുദ്ധങ്ങളായിരുന്നു അവ.

## ജിഹാദിനുള്ള ആഹ്വാനം വിശുദ്ധഖുർആനിൽ

പ്രവാചകനും ശിഷ്യന്മാരും മദീനയിലേക്ക് ഹിജ്റ ചെയ്തശേഷം അവിടെനിന്നും അവരെ തുരത്താൻ മക്കയിലെ ഖുറൈശികൾ സൈന്യവുമായി വന്ന് മദീനയെ ആക്രമിക്കാൻ തുനിഞ്ഞപ്പോഴാണ് ഖുർആൻ മുസ്‌ലിംകൾക്ക് യുദ്ധത്തിന് അനുമതി നൽകിയത്. അതിന് എത്രയോ മുമ്പ് പ്രവാചകൻ മക്കയിലായിരുന്നപ്പോൾ തന്നെ ഖുർആൻ ജിഹാദ് അനുശാസിച്ചിരുന്നു. ജിഹാദിനെ ഇസ്‌ലാമിന്റെ മേൽപുരയെന്ന് മുഹമ്മദ് നബി വിശേഷിപ്പിച്ചിട്ടുണ്ട്. ഖുർആനിലെ ജിഹാദീ ആഹ്വാനങ്ങളുടെ പൊരുളെന്താണെന്ന് പരിശോധിക്കാം:

"ആർ ജിഹാദ് ചെയ്യുന്നുവോ അത് അവന്റെ തന്നെ നന്മയ്ക്കു

വേണ്ടിയാണ്. നിശ്ചയം, അല്ലാഹു ലോകവാസികളെ ഒട്ടും ആശ്രയിക്കാത്തവനാകുന്നു" (അൽ അൻകബൂത്ത്: 6).

മുഹമ്മദ് നബിയുടെ മക്കാജീവിതത്തിന്റെ ആദ്യ ഘട്ടത്തിൽ അവതരിച്ചതാണ് മേൽസൂക്തം. സായുധസമീപനം പൂർണമായും വിലക്കപ്പെട്ട, സഹനസമീപനം ശക്തമായി സ്വീകരിച്ചിരുന്ന വേളയിലാണ് ജിഹാദിനുള്ള ഈ ആഹ്വാനമുണ്ടായത്. മുസ്‌ലിംകൾക്കെതിരായ ഖുറൈശീഭീകരത അന്ന് അതിരുവിട്ടിരുന്നു. പക്ഷേ, പലായനം ചെയ്യാനല്ലാതെ തിരിച്ചടിക്കാൻ നബി അനുവദിച്ചില്ല.ജിഹാദിനുള്ള ആഹ്വാനം മുഴങ്ങിയിട്ടും പ്രവാചകൻ ആയുധമെടുത്തില്ല എന്നുവരുമ്പോൾ ജിഹാദ് സായുധാക്രമണമോ ഭീകരപ്രവർത്തനമോ അല്ലെന്ന് വ്യക്തം. മേൽസൂക്തത്തിന്റെ വിശദീകരണത്തിൽ ഇസ്‌ലാമികവിപ്ലവനായകനായ സയ്യിദ് അബുൽഅഅ്ലാ മൗദൂദി ഇപ്രകാരം എഴുതുന്നു: "ഒരു പ്രതികൂലശക്തിയെ നേരിടുന്നതിൽ സമരം നടത്തുകയും ത്യാഗപരിശ്രമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതിനാണ് *മുജാഹദ* എന്നു പറയുക. ഒരു പ്രത്യേക എതിർശക്തിയെ ചൂണ്ടിക്കാണിക്കാതെ *മുജാഹദ* എന്നു മാത്രം പറയുമ്പോൾ അതിനർഥം സമഗ്രവും സർവതോമുഖവുമായ സമരം എന്നാണ്. വിശ്വാസി ഈ ലോകത്ത് നടത്തേണ്ട സമരം ഈ വിധത്തിലുള്ളതാണ്. തിന്മ അനുവർത്തിക്കുന്നതുകൊണ്ടുണ്ടാവുന്ന നേട്ടങ്ങളെക്കുറിച്ച് പ്രലോഭിപ്പിക്കുന്ന ചെകുത്താനുമായി അവൻ സദാ സമരം ചെയ്തുകൊണ്ടിരിക്കണം. തന്നെ ജഡികേഛകളുടെ അടിമയാക്കാൻ സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്വന്തം മനസ്സുമായും സമരം ചെയ്യണം. സ്വന്തം വീടുമുതൽ ചക്രവാളം വരെ വീക്ഷണങ്ങളിലും ദർശനങ്ങളിലും ധാർമികതത്ത്വങ്ങളിലും നാഗരികരീതികളിലും ആചാരസമ്പ്രദായങ്ങളിലും സാമൂഹിക-സാംസ്കാരികനിയമങ്ങളിലും സത്യമാർഗത്തെ എതിർക്കുന്ന സകലമനുഷ്യരോടും സമരം ചെയ്യണം. ദൈവത്തിന്റെ ആധിപത്യത്തിൽനിന്ന് മുക്തരായി സ്വന്തം ആധിപത്യം നടത്താൻ ശ്രമിക്കുകയും തങ്ങളുടെ കഴിവുകൾ നന്മയ്ക്കു പകരം തിന്മ പ്രചരിപ്പിക്കാൻ വിനിയോഗിക്കുകയും ചെയ്യുന്ന സാമൂഹികനേതൃത്വത്തോടും സമരം ചെയ്യണം. ഇത് ഒന്നോ രണ്ടോ നാളത്തെ സമരമല്ല; ആജീവനാന്തസമരമാണ്. ദിവസത്തിൽ 24 മണിക്കൂറും അവിരാമം തുടരുന്ന സമരമാണിത്. ഏതെങ്കിലും ഒരു രംഗത്തു മാത്രം നടക്കുന്നതല്ല ഈ സമരം. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഇത് നടക്കേണ്ടതാണ്. ഇതിനെക്കുറിച്ചാണ് ഹസൻ ബസ്വരി ഇപ്രകാരം പറഞ്ഞത്: മനുഷ്യൻ തീർച്ചയായും സമരം ചെയ്യുന്നുണ്ട്, അവനൊരിക്കലും വാളെടുത്തിട്ടില്ലെങ്കിലും" (*തഫ്ഹീമുൽ ഖുർആൻ* മലയാളം, പേ: 645, ഭാഗം: 3).

"ആർ നമുക്കുവേണ്ടി ജിഹാദ് ചെയ്യുന്നുവോ അവർക്ക് നാം നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കും. നിശ്ചയം, അല്ലാഹു സുകൃതികളോടൊപ്പമാണ്" (അൽഅൻകബൂത്ത്: 69).

*അൽഅൻകബൂത്ത്* അധ്യായം അവസാനിക്കുന്നത് ഈ ജിഹാദീ ആഹ്വാനത്തോടുകൂടിയാണ്. ഈ സൂക്തത്തിൽ ജിഹാദും ഇഹ്സാനും ചേർത്തുവച്ചത് ശ്രദ്ധേയമാണ്. അല്ലാഹുവിലേക്കുള്ള ദിശാനിർണയത്തിലുള്ള സർവ അധ്വാനപരിശ്രമങ്ങളെയുമാണ് ഇവിടെ ജിഹാദ് പ്രതിനിധീകരിക്കുന്നത്. അത്തരം സമ്പൂർണസമരത്തിൽ ഏർപ്പെടുന്ന വിശ്വാസിയാണ് *മുഹ്സിൻ* എന്ന സമുന്നതമായ ആത്മീയ പദവിയിലേക്ക് ഉയരുന്നത്.

"നിഷേധികളെ നീ അനുസരിക്കരുത്. ഈ ഖുർആൻകൊണ്ട് അവരോട് വലിയ ജിഹാദ് നടത്തുക" (അൽഫുർഖാൻ: 52).

നിഷേധികൾ വിശ്വാസികൾക്കുനേരെ കടുത്ത ഭീകരാക്രമണം നടത്തിക്കൊണ്ടിരിക്കുകയും വിശ്വാസികൾ അനുപമമായ സഹനസമരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തിരുന്ന മക്കയിലെ അനുഭവങ്ങൾക്കിടയിലാണ് വലിയ ജിഹാദിനുള്ള ഈ ആഹ്വാനവും മുഴങ്ങിയത്. വാൾപ്രയോഗവും യുദ്ധവും വിലക്കപ്പെട്ട ഘട്ടത്തിലെ ജിഹാദിനെ 'വലിയ ജിഹാദ്' എന്ന് വിശേഷിപ്പിച്ച ഖുർആനികപ്രയോഗം പഠനാർഹമാണ്. ഖുർആൻ കൊണ്ടുള്ളതാണ് ഈ ജിഹാദ്. യുദ്ധത്തിന് അനുവാദം നൽകുന്ന വാക്യങ്ങൾ അവതരിച്ചുകഴിഞ്ഞിട്ടില്ലാത്ത ഖുർആൻ ആണ് ഈ വലിയ ജിഹാദിനുള്ള ആയുധമെന്നുവരുമ്പോൾ ഖുർആന്റെ സമരസന്ദേശം മൗലികമായി ആദർശസമരത്തിന്റേതാണെന്ന് സ്ഫുടമായി ഗ്രഹിക്കാൻ സാധിക്കുന്നു. നിഷേധികളുടെ എല്ലാ മാർഗതടസ്സങ്ങളെയും തൃണവൽഗണിച്ച് ഖുർആന്റെ ആശയാദർശങ്ങൾ മുൻനിർത്തിയുള്ള ഉജ്ജ്വലമായ ആദർശവിപ്ലവപ്രവർത്തനങ്ങൾക്കുള്ള ആഹ്വാനമാണ് *അൽഫുർഖാൻ* അധ്യായത്തിലെ വലിയ ജിഹാദിനായുള്ള ഈ ആഹ്വാനം. ഈ ആശയത്തെ സയ്യിദ് മൗദൂദി ഇങ്ങനെ വിശദീകരിക്കുന്നു: "വലിയ സമരം എന്നതിന് മൂന്നർഥങ്ങളുണ്ട്. 1. അധ്വാനപരിശ്രമങ്ങളിൽനിന്ന് ഒരു നിമിഷവും വിട്ടുനിൽക്കാതെയുള്ള നിതാന്തയജ്ഞം. 2. മനുഷ്യൻ തന്റെ കഴിവുകളെ മുഴുവനും പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്തുന്ന വൻതോതിലുള്ള പ്രയത്നം. 3. മനുഷ്യൻ തന്റെ പ്രയത്നശേഷിയുടെ ഒരു വശവും ഒഴിവാക്കാതെ നടത്തുന്ന ബഹുമുഖവും സമഗ്രവുമായ അധ്വാനപരിശ്രമം. ഏതെല്ലാം മുന്നണികളിൽ ആയുധശക്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവോ അവിടങ്ങളിൽ തന്റെ ശക്തി കൂടി അതോടൊപ്പം ചേർക്കുക. സത്യത്തിന്റെ വിജയത്തിനുവേണ്ടി ഏതെല്ലാം രംഗങ്ങളിൽ എന്തെല്ലാം പ്രവർത്തിക്കേണ്ടതാവശ്യമായി വരുന്നുവോ അവിടെയെല്ലാം നാവുകൊണ്ടും പേനകൊണ്ടുമുള്ള സമരമുൾപ്പെടെ ജീവൻകൊണ്ടും ധനംകൊണ്ടും ആയുധങ്ങൾകൊണ്ടും പോരാടുക" (*തഫ്ഹീമുൽ ഖുർആൻ* മലയാളം, പേ: 444, ഭാഗം: 3).

ജിഹാദിനുള്ള പ്രസ്തുത മൂന്നാഹ്വാനങ്ങളും സായുധസമരത്തിന് ആഹ്വാനം ലഭിക്കുന്നതിന് മുമ്പുള്ളതാണ്. അപ്പോൾ ജിഹാദിനെ യുദ്ധം, വിശുദ്ധയുദ്ധം (Holy War), ഭീകരപ്രവർത്തനം, ചാവേർ ആക്രമണം എന്നൊക്കെ വ്യാഖ്യാനിക്കാനുള്ള ശ്രമം ഖുർആനെക്കുറിച്ചുള്ള തികഞ്ഞ അജ്ഞത മാത്രമാണ്. 'വാർ' എന്ന ആശയമല്ല 'സ്ട്രഗ്ൾ' എന്ന ആശയമാണ് ജിഹാദ് എന്ന പദം ഉൾക്കൊള്ളുന്നത്. ക്രൈസ്തവയൂറോപ്പ് ഇസ്‌ലാമിനെതിരെ നടത്തിയ സുദീർഘമായ കുരിശുയുദ്ധത്തിന് അവർ തന്നെ നൽകിയ മറ്റൊരു പേരാണ് 'വിശുദ്ധയുദ്ധം' (Holy War). ആ പദപ്രയോഗവും ഇസ്‌ലാമും തമ്മിൽ ബന്ധമൊന്നുമില്ല. ആധുനികകാലത്ത് വിശുദ്ധയുദ്ധത്തെ ജിഹാദിന്റെ പരിഭാഷയാക്കിയതും പാശ്ചാത്യരാണ്.

ജിഹാദ് ഭീകരതയല്ല, സാമ്പത്തികവും സൈനികവും സാംസ്കാരികവുമായ ഭീകരതയോടുള്ള സമരമാണ് ജിഹാദ്. ഖുർആൻ പഠിപ്പിക്കുന്ന വിപ്ലവചരിത്രം വിശകലനം ചെയ്താൽ സ്ഫുടമായി തെളിയുന്ന യാഥാർഥ്യമാണിത്. ഭീകരതയുടെയും ഭൗതികതയുടെയും അടിവേരറുക്കുന്ന ഖുർആനികപരിഹാരം പരലോകചിന്തയിലധിഷ്ഠിതമായ സമ്പൂർണവിപ്ലവത്തിനായുള്ള സമഗ്രസമരമാണ്. അതിനെ കുറിക്കുന്ന സാങ്കേതികസംജ്ഞയാണ് ജിഹാദ്.

ഈ ജിഹാദ് അതർഹിക്കുന്ന എല്ലാ ഗുണവിശേഷങ്ങളോടും കൂടി നിർവഹിക്കാൻ വിശ്വാസികളുടെ സമൂഹത്തെ ഖുർആൻ ആഹ്വാനം ചെയ്യുന്നു.

"വിശ്വാസികളേ, അല്ലാഹുവിന്റെ മാർഗത്തിൽ മുറപ്രകാരം സമരം ചെയ്യുവിൻ. അവൻ തന്റെ ദൗത്യത്തിനുവേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾക്കു മുമ്പിൽ യാതൊരു മാർഗതടസ്സങ്ങളും ഇല്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മാർഗത്തിൽ നിലകൊള്ളുവിൻ. അല്ലാഹു പണ്ടേ നിങ്ങൾക്ക് മുസ്‌ലിംകൾ എന്നു പേരുവച്ചിരിക്കുന്നു. ഖുർആനിലും നിങ്ങളുടെ പേർ അതുതന്നെയാകുന്നു. ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകേണ്ടതിന്, നിങ്ങൾ ജനങ്ങൾക്കും. നമസ്കാരം നിലനിർത്തുവിൻ. സകാത്ത് കൊടുക്കുവിൻ. അല്ലാഹുവിന്റെ മാർഗം കൈവിടാതിരിപ്പിൻ. അവനാകുന്നു നിങ്ങളുടെ രക്ഷകൻ. ശ്രേഷ്ഠനായ രക്ഷകനും സഹായിയും" (അൽഹജ്ജ്: 78).

ഈ വാക്യത്തിൽ 'മുറപ്രകാരമുള്ള ജിഹാദി'ന്റെ മികച്ച മാതൃക ഇബ്റാഹീംനബിയാണ്. ഇബ്റാഹീം പോരാടുന്നത് പുരോഹിതപ്രമുഖനായ പിതാവിനോടുതന്നെയാണ്. പിതാവുമായി ഇബ്റാഹീം നടത്തിയ നിശിതമായ സംവാദത്തിനൊടുവിൽ അദ്ദേഹം വീട്ടിൽനിന്നും ബഹിഷ്കൃതനായി. ബഹിഷ്കരണത്തിൽ പോരാട്ടത്തിന്റെ മറ്റൊരു മുഖം രാജകൊട്ടാരത്തിൽ രാജാവുമായുള്ള സംവാദത്തിന്റെ രൂപംപ്രാ

പിച്ചു. അടുത്ത ഘട്ടത്തിൽ ജനങ്ങളോട് മുഴുക്കെത്തന്നെ ബഹുദൈവത്വത്തിനെതിരെ ഏകദൈവത്വത്തിന്റെ പോരാളി എന്ന നിലയ്ക്ക് ഇബ്റാഹീം ആദർശസമരം നടത്തി. ഭൂഖണ്ഡങ്ങൾ താണ്ടിയുള്ള ഇബ്റാഹീമിന്റെ സമരയാത്ര ഖുർആനിൽ നമുക്ക് കാണാം. വാളെടുക്കാതെയും രക്തം ചിന്താതെയും യുദ്ധം ചെയ്യാതെയും വിപ്ലവം സാക്ഷാത്കരിക്കാൻ ഇബ്റാഹീമിന് സാധിച്ചു.

ജിഹാദിന്റെ മറ്റൊരു മാതൃക മുഹമ്മദ് നബിയുടെ സത്യസാക്ഷ്യപ്രവർത്തനങ്ങളാണ്. അതിന്റെ ചില വശങ്ങൾ നേരത്തേ വിശദീകരിക്കുകയുണ്ടായി. ഉദാത്തവും സമ്പൂർണവുമായ സാമൂഹികവിപ്ലവം റസൂൽ സാക്ഷാത്കരിച്ചത് രക്തരഹിതമാർഗത്തിലൂടെയാണ്.

മുറപ്രകാരമുള്ള ജിഹാദിനെക്കുറിച്ച് പരാമർശിച്ച ഖുർആൻവാക്യത്തിന്റെ വിശദീകരണത്തിൽ സയ്യിദ് മൗദൂദി കുറിച്ചിട്ടു: "ജിഹാദെന്നാൽ കേവല യുദ്ധമല്ല. അധ്വാനപരിശ്രമങ്ങൾ, കഠിനയത്നം, അങ്ങേയറ്റത്തെ പ്രയത്നം എന്നീ അർഥങ്ങളാണ് ആ പദത്തിനുള്ളത്. ജിഹാദ്, മുജാഹിദ് എന്നിവയുടെ ആശയത്തിൽ തരണം ചെയ്യാൻ അധ്വാനപരിശ്രമങ്ങൾ ആവശ്യമായിവരുന്ന ഒരു പ്രതിപക്ഷശക്തിയുടെ സാന്നിധ്യം കൂടി ഉൾപ്പെടുന്നുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ എന്ന ഉപാധി, പ്രതിലോമശക്തികൾ അല്ലാഹുവിന്റെ അടിമത്തത്തെ നിഷേധിക്കുകയും അവന്റെ പ്രീതി നിരാകരിക്കുകയും അവന്റെ മാർഗത്തിൽ ചരിക്കുന്നതിനെ തടയുകയും ചെയ്യുന്നതെന്തൊക്കെയാണോ, അതൊക്കെയും നിർണയിക്കുകയും ചെയ്യുന്നു. അത്തരം പ്രതിലോമശക്തികളെ പരാജയപ്പെടുത്തി മനുഷ്യൻ സ്വയം തന്നെ അല്ലാഹുവിന്റെ ഉത്തമ അടിമയായിത്തീരാനും ദൈവികവചനത്തിന്റെ ഉന്നതിക്കും ദൈവേതരവചനങ്ങളുടെ പരാജയങ്ങൾക്കും വേണ്ടി ജീവാർപ്പണം ചെയ്യലാണ് അധ്വാനപരിശ്രമങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഈ മുജാഹിദിന്റെ പ്രഥമലക്ഷ്യം സ്വന്തം മനസ്സിന്റെ ദുഷ്പ്രവണതകളെ ചെറുക്കലാണ്. സ്വന്തം മനസ്സിനെ കീഴ്പ്പെടുത്താൻ കഴിയാത്തിടത്തോളം ബാഹ്യരംഗത്ത് ഒരു മുജാഹിദിന് യാതൊരു സാധ്യതയുമില്ല. അതുകൊണ്ടാണ് ഒരു യുദ്ധത്തിൽനിന്ന് തിരിച്ചുവരവേ റസൂൽ അനുയായികളോട് ഇപ്രകാരം പറഞ്ഞത്: "നാം ചെറിയ ജിഹാദിൽനിന്ന് വലിയ ജിഹാദിലേക്കാണ് തിരിച്ചുപോകുന്നത്." "ഏതാണാ വലിയ ജിഹാദ്?" റസൂൽതന്നെ വിശദീകരിച്ചു: "ദൈവദാസൻ തന്റെ ദേഹേഛകൾക്കെതിരെ കഠിനയത്നം നടത്തലാണത്." ശേഷമുള്ള ജിഹാദിന്റെ രംഗം മുഴുവൻ ലോകത്തോളം പ്രവിശാലമാണ്. ലോകത്തുള്ള എല്ലാ പൈശാചികശക്തികൾക്കുമെതിരായി മനസ്സിന്റെയും മസ്തിഷ്കത്തിന്റെയും ശരീരത്തിന്റെയും ധനത്തിന്റെയും സർവശക്തികളുമുപയോഗിച്ച് അധ്വാനപരിശ്രമങ്ങൾ സമർപ്പിക്കലാണ് ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള യഥാർഥ ജിഹാദ്" (*തഫ്ഹീമുൽഖുർആൻ* മലയാളം, ഭാഗം: 3, പേ: 247,248).

## ഖുർആൻ വാൾപ്രയോഗം അനുവദിച്ചതെപ്പോൾ?

ഇതുവരെ പറഞ്ഞതിനർഥം ഖുർആൻ വാളെടുക്കാൻ അനുവദിച്ചിട്ടില്ലെന്നോ യുദ്ധാഹ്വാനം നടത്തിയിട്ടില്ലെന്നോ അല്ല. യുദ്ധം ഖുർആനിലുണ്ട്. പക്ഷേ, ഭീകരതയും വർഗീയതയും വംശീയസംഘട്ടനങ്ങളും തീരെയില്ല.

മദീനയിൽ രക്തരഹിതമാർഗത്തിലൂടെ മുഹമ്മദ് നബി സ്ഥാപിച്ച ജനകീയ ഇസ്‌ലാമികഭരണകൂടത്തെ അട്ടിമറിക്കാൻ മക്കയിലെ ഗോത്രഭീകരസംഘങ്ങൾ നിരന്തരം ശ്രമിച്ചപ്പോൾ ചെറുക്കാനുള്ള ന്യായമായ അവകാശം ഇസ്‌ലാമികസ്റ്റേറ്റിനുണ്ടായിരുന്നു. ലോകസമാധാനത്തിന്റെ മാതൃകാഭരണകൂടത്തെ പരിരക്ഷിക്കൽ ലോകത്തെ മുഴുവൻ മനുഷ്യരുടെയും ആവശ്യമായിരുന്നു. മദീനയിലെ ഇസ്‌ലാമികഭരണകൂടത്തെ അട്ടിമറിക്കാൻ വന്ന വൈദേശികസായുധസംഘങ്ങളെ ആയുധംകൊണ്ട് ചെറുക്കുകയല്ലാതെ മറ്റൊരു വഴിയും മുഹമ്മദ് നബിക്കുണ്ടായിരുന്നില്ല. ആ നിർണായകഘട്ടത്തിലാണ് ഖുർആൻ യുദ്ധാനുമതി നൽകിയത്. "ആർക്കെതിരിൽ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് തിരിച്ചടിക്കാൻ അനുവാദമുണ്ട്. കാരണം അവർ മർദിതരാണ്. അല്ലാഹു അവരെ സഹായിക്കാൻ കഴിവുറ്റവനും" (അൽഹജ്ജ്: 39).

മർദിതന് തിരിച്ചടിക്കാനുള്ള അവകാശം മൗലികമാണ്. അതൊരിക്കലും ഭീകരതയോ തീവ്രതയോ അല്ല. ആ മൗലികാവകാശമാണ് യുദ്ധാനുമതി വഴി ഖുർആൻ ഉയർത്തിപ്പിടിച്ചിരിക്കുന്നത്.

ഭൗതിക അധികാരകേന്ദ്രങ്ങളുടെ ഭീകരവാഴ്ച അവസാനിപ്പിക്കുന്നതിനും ദുർബലജനവിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും വിമോചനയുദ്ധങ്ങൾ നയിക്കാൻ വിപ്ലവഭരണകൂടങ്ങൾക്ക് ബാധ്യതയുണ്ട്. ആ ബാധ്യതയും ഖുർആൻ വ്യക്തമായും സ്ഫുടമായും എടുത്തുപറഞ്ഞിട്ടുണ്ട്: "പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി യുദ്ധം ചെയ്യാതിരിക്കാൻ നിങ്ങൾക്കെന്തുണ്ട് ന്യായം? ആ ജനമോ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു: നാഥാ, മർദകർ വാഴുന്ന ഈ നാട്ടിൽനിന്ന് ഞങ്ങളെ മോചിപ്പിക്കേണമേ. നിന്റെ പക്കൽനിന്ന് ഞങ്ങൾക്കൊരു രക്ഷകനെയും സഹായിയെയും നിശ്ചയിച്ചുതരേണമേ" (അന്നിസാഅ്: 75).

ഖുർആന്റെ യുദ്ധാഹ്വാനങ്ങൾ അധികാരമില്ലാത്ത പൗരസമൂഹങ്ങളോടല്ല. മറിച്ച്, സൈനികബലമുള്ള ഭരണകൂടങ്ങളോടാണ്. യുദ്ധം എല്ലാ യുദ്ധങ്ങളുടെയും നിഷ്കാസനത്തിനുള്ളതായിരിക്കണം, ഭീകരതയുടെ നിർമൂലനത്തിനുപകരിക്കണം, നാശവും കുഴപ്പവും തടയാൻ പര്യാപ്തമായിരിക്കണം.

വിഖ്യാത ഖുർആൻപണ്ഡിതനും പരിഭാഷകനുമായ മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി തന്റെ പ്രസിദ്ധ ഖുർആൻവ്യാഖ്യാനഗ്രന്ഥമായ *തദബ്ബുറെ ഖുർആനിൽ അൽഹജ്ജ്* അധ്യായത്തിന്റെ വ്യാഖ്യാനക്കുറിപ്പിൽ ഇസ്‌ലാമിലെ യുദ്ധനിയമത്തെ കുറിച്ച് എഴുതുന്നു:

"ശിഥിലസമൂഹം നടത്തുന്ന യുദ്ധം കുഴപ്പം അവസാനിപ്പിക്കുന്നതിലും സത്യവും നീതിയും സംസ്ഥാപിക്കുന്നതിലും വിജയം വരിക്കുകയില്ല. സത്യവും നീതിയും സംസ്ഥാപിക്കാൻ മാത്രമേ ഇസ്‌ലാമിൽ യുദ്ധം അനുവദിക്കപ്പെട്ടിട്ടുള്ളൂ. മദീനാ ഹിജ്റക്കു ശേഷം അവസ്ഥകളിൽ മാറ്റം വരികയും നീതിസംസ്ഥാപനത്തിന്റെ മാർഗത്തിൽ പ്രതിരോധത്തിനായി വാളുയർത്താൻ മുസ്‌ലിംകൾക്ക് അനുവാദം നൽകപ്പെടുകയും ചെയ്തു".

■